ജർമനിയിൽ ഉപരിപഠനവും തൊഴിലും: സാന്റാ മോണിക്കയിൽ സൗജന്യ വെബിനാർ ഏഴിന്

കണ്ണൂർ: വിദേശ വിദ്യാർഥികൾക്ക് ട്യൂഷൻ ഫീസില്ലാതെ ഉപരിപഠനം ലഭ്യമാക്കുന്ന ജർമനിയിലെ 350 ലേറെയുള്ള ജർമൻ പൊതു സർവകലാശാലകളിലും 15 ലധികം ജർമൻ സ്റ്റേറ്റ് അംഗീകൃത സർവകലാശാലകളിലും പ്ലസ്ടു, ബിരുദ, ബിരുദാനന്തര വിദ്യാർഥികൾക്ക് എൻജിനിയറിംഗ്, ഐടി, ഹെൽത്ത് കെയർ, ബിസിനസ്, സയൻസ് ഉൾപ്പെടെയുള്ള നിരവധി തൊഴിലവസരങ്ങളെക്കുറിച്ച് ആധികാരികമായി വിവരങ്ങൾ നൽകുന്നതിന് സാന്റാ മോണിക്ക എബ്രോഡ് ഏഴിന് രാത്രി എട്ടിന് വെബിനാർ നടത്തും. പ്ലസ്ടു, ബിരുദം കഴിഞ്ഞവക്ക് വിവിധ സർവകലാശാലകളിലേക്കുള്ള പ്രവേശനം, നഴ്സിംഗ് കഴിഞ്ഞവർക്ക് ജർമൻ ഭാഷാ പഠനവും തുടർന്ന് സൗജന്യ വർക്ക് പെർമിറ്റും, തെരഞ്ഞെടുക്കപ്പെട്ട സർവകലാശാലകളിലെ തെരഞ്ഞെടുക്കപ്പെട്ട കോഴ്സുകളിൽ ട്യൂഷൻ ഫീസ് ഇല്ലാതെയും മറ്റിടങ്ങളിൽ കുറഞ്ഞ ഫീസുള്ള ഉപരിപഠന സാധ്യതകൾ, പ്ലസ് ടു കഴിഞ്ഞവർക്ക് പ്രതിമാസം ഒരു ലക്ഷം രൂപവരെയുള്ള സ്റ്റൈപ്പെൻഡോടു കൂടിയുള്ള പഠനാവസരം, പൊതു-സ്വകാര്യ സർവകലാശാലകൾ തമ്മിലുള്ള വ്യത്യാസം, ശമ്പള മാനദണ്ഡങ്ങൾ, ഷെൻഗൻ വീസ, പിആർ, ബ്ലൂ കാർഡ്, ഓപ്പർച്യൂണിറ്റി കാർഡ്, സിറ്റിസൺഷിപ്പ്, ജർമനിയിലെ വീസ അപേക്ഷകർക്കായി പുതുതായി ആരംഭിച്ച ഡിജിറ്റൽ വീസാ പ്ലാറ്റ്ഫോം എന്നിവ വെബിനാറിൽ വിശദീകരിക്കും.

വെബിനാറിൽ പങ്കെടുക്കാൻ www.santamonicaedu.in എന്ന വെബ്സൈറ്റിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യണം. ഫോൺ വിളിച്ചും രജിസ്റ്റർ ചെയ്യാം. ഫോൺ: 9645222999, 0484 4150999.

സ്പെഷൽ സ്കൂൾ പാക്കേജിന് അപേക്ഷിക്കാം

തിരുവനന്തപുരം: ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്പെഷൽ സ്കൂളുകൾക്കായി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന 2024-25 വർഷത്തെ പ്രത്യേക ധനസഹായ പാക്കേജിന് (സ്പെഷൽ സ്കൂൾ പാക്കേജ്) അപേക്ഷ ക്ഷണിച്ചു. http://www.ssportal.kerala.gov.in വെബ്സൈറ്റ് മുഖേന 10നകം അപേക്ഷ സമർപ്പിക്കണം.

എൽകെ ഷോർട് ഫിലിം ഫെസ്റ്റിവൽ: രജിസ്ട്രേഷൻ ആരംഭിച്ചു

കൊച്ചി: കൊച്ചി ആസ്ഥാനമായുള്ള എൽകെ ഷോർട് ഫിലിം ഫെസ്റ്റിവലിലേക്ക് രജിസ്ട്രേഷൻ ആരംഭിച്ചു. അഞ്ച് മിനിറ്റ് മുതൽ 30 മിനിറ്റ് വരെ ദൈർഘ്യമുള്ള ഷോർട് ഫിലിമുകൾ അയയ്ക്കാം. കഴിഞ്ഞ ഒരുവർഷത്തിനുള്ളിൽ പൂർത്തിയാക്കിയ ഷോർട് ഫിലിമുകളാണ് അയക്കേണ്ടത്. സംവിധായകനും മുൻ ചലച്ചിത്ര അക്കാദമി ചെയർമാനുമായ കമൽ ആയിരിക്കും ജൂറി ചെയർമാൻ.

ഫെബ്രുവരിയിൽ കൊച്ചിയിലെ ഗോകുലം പാർക്ക് കൺവൻഷൻ സെന്ററിലാണ് എൽകെ ഷോർട് ഫിലിം ഫെസ്റ്റിവൽ നടക്കുക. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9995008501, 9995008105.

ഇവികൾക്ക് സബ്സിഡി അവസാനിപ്പിച്ചേക്കും

നിലവിലെ ആനുകൂല്യത്തിന്റെ കാലാവധി അവസാനിച്ചശേഷം ഇനി സബ്സിഡി ആവശ്യമില്ലെന്ന് ഇവി നിർമാതാക്കൾ അഭിപ്രായപ്പെട്ടതായി മന്ത്രി പീയൂഷ് ഗോയൽ

ന്യൂഡൽഹി: നിലവിലെ സബ്സിഡി കാലാവധിക്കുശേഷം ഇലക്ട്രിക് വാഹനങ്ങൾക്ക് (ഇവി) സബ്സിഡി നൽകുന്ന രീതി അവസാനിപ്പിച്ചേക്കുമെന്ന സൂചന നൽകി കേന്ദ്രസർക്കാർ. നിലവിലെ ആനുകൂല്യത്തിന്റെ കാലാവധി അവസാനിച്ചശേഷം ഇനി സബ്സിഡി ആവശ്യമില്ലെന്ന് ഇവി നിർമാതാക്കൾ കഴിഞ്ഞ ദിവസം നടന്ന യോഗത്തിൽ ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടതായി വാണിജ്യമന്ത്രി പീയൂഷ് ഗോയൽ പറഞ്ഞു.

രാജ്യത്തെ ഇലക്ട്രിക് വിപണി കുതിപ്പിന് സജ്ജമാണ്, നിലവിലുള്ള സബ്സിഡി ഇതിനു പര്യാപ്തമാണ്. അതുകൊണ്ട് പുതിയ സബ്സിഡി ആവശ്യമില്ലെന്നും അദ്ദേഹം പറഞ്ഞു. മുമ്പ് കേന്ദ്ര ഗതാഗതമന്ത്രി നിതിൻ ഗഡ്കരി ഇതേ നിലപാട് വ്യക്തമാക്കിയിരുന്നു.

ഇലക്ട്രിക് വാഹനങ്ങൾക്ക് 2024 ഒക്ടോബർ 1 മുതൽ 'പിഎം ഇഡ്രൈവ്' എന്ന പദ്ധതി പ്രകാരമാണ് സബ്സിഡി നൽകുന്നത്. 2026 മാർച്ച് 31 വരെയാണ് ഇതിന്റെ കാലാവധി. ഇതിനു ശേഷം കേന്ദ്ര സബ്സിഡി തുടരുമോയെന്നാണ് ഏവരും ഉറ്റുനോക്കുന്നത്.

2015ലാണ് 'ഫെയിം' എന്ന പേരിൽ 2 ഘട്ടങ്ങളായി സബ്സിഡി അനുവദിച്ചിരുന്നത്. ഇതിന്റെ മൂന്നാം പതിപ്പാണ് പിഎം ഇഡ്രൈവ്. ഇവി ടൂ വീലറുകൾ, ത്രീ വീലറുകൾ, ആംബുലൻസുകൾ, ട്രക്കുകൾ തുടങ്ങിയവ വാങ്ങുമ്പോൾ പദ്ധതിയുടെ ഭാഗമായി സബ്സിഡി ലഭിക്കും. കൂടാതെ ഇ ബസുകൾ വാങ്ങുന്നതിനും ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും സബ്സിഡി ലഭിക്കും. മൂന്നാം ഘട്ടത്തിൽ ഇലക്ട്രിക്, ഹൈബ്രിഡ് കാറുകൾ ഒഴിവാക്കുകയും ചെയ്തിരുന്നു. പിഎം ഇഡ്രൈവിൽ സബ്സിഡിക്കായി നീക്കിവച്ചിരിക്കുന്ന തുകയിലും കുറവ് വരുത്തിയിരുന്നു. ഇവി നിർമാതാക്കൾക്ക് ഇനി സബ്സിഡി നൽകേണ്ടതില്ലെന്ന് സെപ്റ്റംബറിൽ ഗഡ്കരി പറഞ്ഞത് ഏറെ ചർച്ചകൾക്ക് വഴിവച്ചിരുന്നു.

ബാറ്ററി സ്വാപ്പിംഗ് വേണോ എന്ന കാര്യത്തിൽ കമ്പനികൾക്കും ഉപഭോക്താക്കൾക്കും തീരുമാനം വിട്ടുകൊടുക്കുകയാണ്. ഇക്കാര്യത്തിൽ സർക്കാർ ഇടപെടാൻ ഉദ്ദേശിക്കുന്നില്ലെന്നും ഗോയൽ പറഞ്ഞു.

യുകെ കമ്പനിയിൽ നിന്ന്
10 കോടിയുടെ വെഞ്ചർ കാപ്പിറ്റൽ സ്വന്തമാക്കി സിഇടി വിദ്യാർഥികളുടെ സ്റ്റാർട്ടപ്പ്

തിരുവനന്തപുരം: കോളജ് ഓഫ് എൻജിനിയറിംഗ് തിരുവനന്തപുരം (സിഇടി) വിദ്യാർഥികളുടെ സ്റ്റാർട്ടപ്പിന് ശ്രദ്ധേയമായ നേട്ടം. യുകെ ആസ്ഥാനമായുള്ള പ്രമുഖ കമ്പനിയിൽ നിന്ന് 10 കോടി രൂപയുടെ വെഞ്ചർ കാപ്പിറ്റൽ ലാവോസ് ഡവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സിഇടി സ്റ്റാർട്ടപ്പ് സ്വന്തമാക്കി.

കേരള സ്റ്റാർട്ടപ്പ് മിഷന്റെ (കെഎസ്യുഎം) ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് സെന്റേഴ്സ് (ഐഇഡിസി) പ്രോഗ്രാമിനു കീഴിൽ സ്ഥാപിതമായ സ്റ്റാർട്ടപ്പ് സംരംഭമാണിത്.

യുകെയിലെ കൺസ്ട്രക്ഷൻ കമ്പനിയായ ഇഗ്നിവിയ ഗ്രൂപ്പിൽ നിന്നാണ് വിദ്യാർഥികളുടെ ആശയത്തിന് ഫണ്ട് ലഭിച്ചത്. പ്രോപ്പർട്ടി നിക്ഷേപങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിന് ബ്ലോക്ക് ചെയിൻ സാങ്കേതികവിദ്യയെ സ്റ്റാർട്ടപ്പ് പ്രയോജനപ്പെടുത്തുന്നു.

ആർക്കിടെക്ചറൽ വിദ്യാർഥിയായ ഉസ്മാൻ എ. ആശാൻ സ്റ്റാർട്ടപ്പിന്റെ സിഇഒയും ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എൻജിനിയറിംഗ് ബിരുദധാരിയായ കെ. ശ്രീലാൽ സിഒഒയുമാണ്.

പവന് 360 രൂപ കുറഞ്ഞു

കൊച്ചി: സ്വർണവില ഗ്രാമിന് 45 രൂപയും പവന് 360 രൂപയും കുറഞ്ഞു. ഇതോടെ ഗ്രാമിന് 7,215 രൂപയും പവന് 57,720 രൂപയുമായി.

റീൽ ഉത്സവം വിലയിരുത്തൽ ആറുവരെ

തിരുവനന്തപുരം: ജനുവരി നാലു മുതൽ എട്ടുവരെ തിരുവനന്തപുരത്ത് നടക്കുന്ന 63-ാമത് കേരള സ്കൂൾ കലോത്സവത്തിന്റെ പ്രചാരണത്തിനായി സ്കൂളുകൾക്ക് വേണ്ടി സംഘടിപ്പിച്ച റീൽസ് മത്സരത്തിന് റീലുകൾ സമർപ്പിക്കേണ്ട തീയതി ഡിസംബർ 31ന് അവസാനിച്ചു.

ജനുവരി ആറിന് രാത്രി 12വരെ ഫേസ്ബുക്കിലും ഇൻസ്റ്റാഗ്രാമിലും ലഭിക്കുന്ന പ്രതികരണങ്ങൾ പരിഗണിച്ച് സമ്മാനങ്ങൾ നൽകും. കൂടുതൽ വിവരങ്ങൾക്ക്: 0471 2338541.

വ്യാപാരനിലവാരം — പവൻ-57,720

കൊച്ചി

വെളിച്ചെണ്ണ	22200
മില്ലിംഗ് വെളിച്ചെണ്ണ	22700
കൊപ്ര	14800-15000
പിണ്ണാക്ക്	
എക്സ്പെല്ലർ	3200
റോട്ടറി	3600
കുരുമുളക്	
അൺഗാർബിൾഡ്	63700
പുതിയ കുരുമുളക്	62700
ഗാർബിൾഡ്	65700
ചുക്ക്	
മീഡിയം	32500
ബെസ്റ്റ്	35000
മഞ്ഞൾ	
സേലം-ഈറോഡ്	15500-16000
കാഞ്ഞിരക്കുരു	1850
അടയ്ക്ക	30000
അടയ്ക്ക പുതിയത്	22000
പഞ്ചസാര	4080
മുളക്	19000
ഉഴുന്ന്	10900-11600
ചെറുപയർ	9600-11200
കടല	8800-10000
മുതിര	7700
എള്ള്	25000
മല്ലി	7800-9200
പച്ചരി നമ്പർ 1	4700
പുഴുക്കലരി ജയ	4200-5000
ഗ്രാമ്പൂ	800-900
ജാതിക്ക (കാലടി)	
തൊണ്ടൻ	280-320
തൊണ്ടില്ലാത്തത്	550-630
ജാതിപത്രി	
ചുവപ്പ്-മഞ്ഞ ഫ്ലവർ	1000-1200
ചുവപ്പ്-മഞ്ഞ	1200-2000

റബർ

റബർ ബോർഡ് തന്ന വില

കോട്ടയം	
ആർഎസ്എസ് 4	19100
ആർഎസ്എസ് 5	18700
കൊച്ചി	
ആർഎസ്എസ് 4	19100
ആർഎസ്എസ് 5	18700

വ്യാപാരി വില

കോട്ടയം	
ആർഎസ്എസ് 4	18300
ആർഎസ്എസ് 5	17900
തരംതിരിക്കാത്തത്	16900
ഒട്ടുപാൽ (70%)	11500
കൊച്ചി	
ആർഎസ്എസ് 4	18900
ആർഎസ്എസ് 5	18000-18500
ഒട്ടുപാൽ	13100
ലാറ്റക്സ്	12400

സ്വർണം (കൊച്ചി)

പവൻ	57720
ഒരു ഗ്രാം	7215

കന്നാര (വാഴക്കുളം)

പച്ച	28
പഴം	36

കോട്ടയം

വെളിച്ചെണ്ണ	23000
കൊപ്ര	13900
പിണ്ണാക്ക്	3300

ആലപ്പുഴ

മില്ലിംഗ് വെളിച്ചെണ്ണ	22700
കൊപ്ര	
തെളിവ്	14700
മിൽ ക്വാളിറ്റി	14750
തെക്കൻ രാശി	14800
പിണ്ണാക്ക്	3200

കുട്ടനാട്

കാപ്പിക്കുരു-റോബസ്റ്റ	225
പരിപ്പ്-റോബസ്റ്റ	390

കൊക്കോ (മുരിങ്ങാശേരി)

പച്ചക്കുരു	240-250
ഉണക്കക്കുരു	740-760

ഏലക്കാ ലേലം

(കാർഡമം ഗ്രോവേഴ്സ് ഫോർയെവർ പ്രൈ. ലി.)

വിറ്റത് (കിലോ)	12434.9
കൂടിയവില	3297.00
ശരാശരി വില	3093.74

(മാസ് എന്റർപ്രൈസസ് വണ്ടൻമേട്)

വിറ്റത് (കിലോ)	74121.9
കൂടിയവില	3781.00
ശരാശരി വില	3196.99

അവലംബം: സ്പൈസസ് ബോർഡ്

സ്ഥിരനിക്ഷേപം പലിശ നിരക്ക് ഉയർത്തി എസ്ബിഐ, എച്ച്ഡിഎഫ്സി

ന്യൂഡൽഹി: സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, എച്ച്ഡിഎഫ്സി ബാങ്ക് എന്നിവ പുതിയ വർഷത്തിന്റെ തുടക്കത്തിൽ സീനിയർ സിറ്റിസൺസിനും സൂപ്പർ സീനിയർ സിറ്റിസൺസിനുമുള്ള സ്ഥിരനിക്ഷേപ നിരക്ക് വർധിപ്പിച്ചു. 80 വയസിന് മുകളിലുള്ള സൂപ്പർ സീനിയർ പൗരന്മാർക്കായി എസ്ബിഐ ഒരു പ്രത്യേക പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അവർക്ക് സാധാരണ മുതിർന്ന പൗരന്മാരെ അപേക്ഷിച്ച് 10 ബേസിസ് പോയിന്റുകൾ അധികമായി ലഭിക്കും. എച്ച്ഡിഎഫ്സി ബാങ്ക് ബൾക്ക് ഡെപ്പോസിറ്റുകളുടെ (5 കോടി രൂപയോ അതിൽ കൂടുതലോ) റിട്ടേണുകൾ വ്യത്യസ്ത കാലയളവുകളിലായി 5-10 ബേസിസ് പോയിന്റുകൾ ക്രമീകരിച്ചു.

പുതിയ നിക്ഷേപ പദ്ധതികളുമായി എസ്ബിഐ

രണ്ട് പുതിയ നിക്ഷേപ പദ്ധതികളാണ് എസ്ബിഐ ആവിഷ്കരിച്ചിരിക്കുന്നത്. ഹർ ഘർ ലാക്പതി, എസ്ബിഐ പേട്രൺസ് എന്നീ നിക്ഷേപ പദ്ധതികളാണ് ഉപഭോക്താക്കൾക്കായി പുതുതായി അവതരിപ്പിച്ചത്.

നിക്ഷേപകർക്ക് ഒരു ലക്ഷം രൂപയോ, അതിന്റെ ഗുണിതങ്ങളോ സമ്പാദ്യമായി നേടാൻ സാധിക്കുന്ന റിക്കറിംഗ് ഡെപോസിറ്റ് പ്ലാനാണ് ഹർ ഘർ ലാക്പതി. പ്രായപൂർത്തിയാകാത്തവർക്കും ഈ പദ്ധതിയുടെ ഗുണഫലം ലഭിക്കും.

80 വയസോ അതിന് മുകളിലോ പ്രായമുള്ളവർക്ക് വേണ്ടിയുള്ളതാണ് എസ്ബിഐ പേട്രൺസ് എന്ന നിക്ഷേപ പദ്ധതി. ബാങ്കിൽ സ്ഥിര നിക്ഷേപമുള്ളവർക്കും പുതുതായി സ്ഥിര നിക്ഷേപം നടത്താൻ ആഗ്രഹിക്കുന്നവർക്കും ഈ പ്ലാനിന്റെ ആനുകൂല്യം ലഭിക്കും.

ഇപ്പോഴത്തെ സ്ഥിരനിക്ഷേപ പദ്ധതികളിൽ വയോധികർക്ക് മികച്ച പലിശ നിരക്കാണ് ലഭ്യമാകുന്നത്. ഏഴു മുതൽ 45 ദിവസം വരെയുള്ള നിക്ഷേപങ്ങളിൽ നാല് ശതമാനവും 46 മുതൽ 179 ദിവസം വരെ ആറു ശതമാനവും പലിശ ലഭിക്കും.

അനന്ത് ദേശീയ സർവകലാശാല 10 ഭാഷകളിൽ എഡിഇപിടി പരീക്ഷ നടത്തും

കൊച്ചി: അനന്ത് ദേശീയ സർവകലാശാലയുടെ എൻട്രൻസ് പരീക്ഷയായ അനന്ത് ഡിസൈൻ എൻട്രൻസ് ആൻഡ് പ്രൊഫിഷ്യൻസി ടെസ്റ്റ് (എഡിഇപിടി) 10 ഭാഷകളിൽ നടക്കും.

വിദ്യാർഥികൾക്ക് ഈ വർഷം ഇംഗ്ലീഷ്, ഹിന്ദി, ഗുജറാത്തി, മറാത്തി, ബംഗാളി, കന്നഡ, തമിഴ്, തെലുങ്ക്, മലയാളം, പഞ്ചാബി എന്നീ ഭാഷകളിൽ പരീക്ഷയെഴുതാം. കഴിഞ്ഞ വർഷം അഞ്ചു ഭാഷകളിലാണ് പരീക്ഷകൾ നടന്നത്. 2025 ജനുവരി 26ന് ഓൺലൈനായിട്ടാണ് എൻട്രൻസ് പരീക്ഷകൾ നടക്കുക.

"അമ്മയ്ക്ക് ശമ്പളമില്ല; എനിക്ക് കളിപ്പാട്ടവും"
ഒന്നാം ക്ലാസുകാരൻ മുഖ്യമന്ത്രിക്ക് അയച്ച കത്ത് വൈറലാകുന്നു

പെരുമ്പടവ് (കണ്ണൂർ): അധ്യാപികയായ അമ്മയ്ക്ക് ശമ്പളം കിട്ടാത്തതു കാരണം എനിക്ക് കളിപ്പാട്ടം വാങ്ങിത്തരാൻ പോലും അമ്മയ്ക്ക് കഴിയുന്നില്ലെന്നും വേഗം ശമ്പളം നൽകാനുള്ള നടപടി സ്വീകരിക്കണമെന്നും കാണിച്ച് ഒന്നാം ക്ലാസുകാരൻ മുഖ്യമന്ത്രിക്ക് അയച്ച കത്ത് സമൂഹമാധ്യമങ്ങളിൽ വൈറലാകുന്നു. കരിപ്പാൽ എസ്വിയുപി സ്കൂൾ ഒന്നാം ക്ലാസ് വിദ്യാർഥി ഏദൻ ജോസഫ് ആണ് തന്റെ സങ്കടം കത്തിലൂടെ മുഖ്യമന്ത്രിയെ അറിയിച്ചത്.

ഏദന്റെ അമ്മ മൂന്നു വർഷമായി കരിപ്പാൽ എസ്വിയുപി സ്കൂളിൽ അധ്യാപികയാണെങ്കിലും ഇതുവരെ ശമ്പളം ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിലാണ് ഏദൻ ജോസഫ് മുഖ്യമന്ത്രിക്ക് കത്തയച്ചത്. പ്രിയപ്പെട്ട മുഖ്യമന്ത്രി എന്ന് അഭിസംബോധന ചെയ്താണ് കത്താരംഭിക്കുന്നത്. "അമ്മ കുറെ നാളായി സ്കൂളിൽ ജോലി ചെയ്യുന്നുണ്ടെങ്കിലും ഞാൻ എന്തെങ്കിലും വാങ്ങിത്തരാൻ പറയുമ്പോൾ പറയും ശമ്പളം കിട്ടട്ടെ എന്ന്. എപ്പഴാ ശമ്പളം കിട്ടുന്നത് എന്നു ചോദിച്ചപ്പോൾ അറിയില്ല എന്നു പറഞ്ഞു. ഒരു മോൺസറ്റർ ട്രക്ക് ടോയി വേണമെന്ന് കുറെ നാളായി ഞാൻ ആഗ്രഹിക്കുന്നു. അതിന് ആയിരം രൂപയാണെന്ന് അമ്മ പറഞ്ഞു. അച്ചയ്ക്കും പൈസയില്ല എന്നു പറഞ്ഞു. അതു കൊണ്ട് അമ്മയ്ക്ക് വേഗം ശമ്പളം കൊടുക്കൂ. പ്ലീസ്" എന്നു പറഞ്ഞാണ് കത്ത് അവസാനിപ്പിക്കുന്നത്.

ഇന്നത്തെ പ്രോഗ്രാം

ശാലോം

വിശുദ്ധ കുർബാന: 6.30 (സീറോ മലബാർ), 8.00, (ലത്തീൻ), 10.00 (മലങ്കര), വൈകിട്ട് 4.00 (ഇംഗ്ലീഷ്), 4.30 (ഹിന്ദി)

05.00 ജപമാല
05.30 വചനം തിരുവചനം
06.00 തിരുസന്നിധി
07.30 നൊവേന-വി. സെബസ്ത്യാനോസ്
09.00 ഗാപെ
09.30 ഉണരൂ പ്രഭാതമേ
10.00 വിശുദ്ധ കുർബാന- മലങ്കര
11.30 ഹോളി ബീറ്റ്സ്
12.00 ഏദൻ തോട്ടം
12.30 യെസ് ലോഡ്
01.00 ജാഗരണവചസുകൾ
01.30 ജാഗരണവചസുകൾ
02.00 ദൈവദൂദർ പാടുന്നു
02.30 സാന്ത്വനം
03.00 കരുണക്കൊന്ത
03.30 ആരാധനാഗീതികൾ
05.30 ആശാനും കൂട്ടരും
06.00 നിത്യജീവൻ
07.30 കിങ്ഡം ഓഫ് ഗോഡ്
08.00 ഹെവൻലി മെലഡീസ്
08.30 അഭിഷേകാഗ്നി
09.00 യൂക്യാറ്റ്
09.30 വചനം തിരുവചനം

ഷെക്കെയ്ന

വിശുദ്ധ കുർബാന: 6.00, വൈകിട്ട് 6.00 (ലത്തീൻ), രാവിലെ 7.00 (സീറോ മലബാർ), 9.00 (ഇംഗ്ലീഷ്)

05.30 ജപമാല
08.30 ചർച്ച് ടുഡേ
10.00 വാർത്തയിലെ സത്യം
10.30 ലോകം 2024
11.00 മറുപടി
11.30 തലമുറകളുടെ സൗഖ്യം
01.00 പ്രിഷില്ല
01.30 ശീലോഹന്റെ കാഴ്ചകൾ
02.00 ബിഗ് ഡിബേറ്റ്
04.00 മുനമ്പം മനുഷ്യചങ്ങല തത്സമയം
05.30 ന്യൂസ് സ്കാൻ
06.30 ജപമാല
07.00 പ്രൈം ന്യൂസ്
08.00 ഹിസ്റ്ററി റൂളർ
08.30 കാണാത്തതും കേൾക്കാത്തതും
08.45 ഹാദന്നൂരിന്റെ ഗീവർഗീസ്
09.00 തലമുറകളുടെ സൗഖ്യം
10.30 നൈറ്റ് എഡിഷൻ

ഗുഡ്നെസ്

വിശുദ്ധ കുർബാന: 5.00, 11.30 (ലാറ്റിൻ), 6.00, 9.30 (സീറോ മലബാർ), വൈകിട്ട് 5.30, 10.00 (ഇംഗ്ലീഷ്)

04.30 ജപമാല മലയാളം
07.00 പ്രഭാത വിരുന്ന്
08.00 സൺറൈസ് വിത്ത് ജീസസ്
08.30 സ്ട്രീംസ് ഓഫ് ഗ്രെയ്സ്
11.00 ജെ വൈബ്സ്
12.30 സ്വർഗീയ സംഗീതം
01.00 മനസുനിറഞ്ഞു
03.00 കരുണക്കൊന്ത
03.30 വചനം പറയുന്നത്
04.00 സമരിയൻ
04.30 സ്നേഹകൂടാരം
06.30 ബൈബിൾ ഒരു തീർത്ഥാടനം
07.00 ജപമാല മലയാളം
07:30 സ്നേഹം, സഹനം, സന്യാസം
08.00 കളിമുറ്റം
08.30 ജീവനും ജീവിതവും
09.00 വചനോപാസന
09.30 അഗസ്റ്റിൻ വല്ലൂരാനച്ചന്റെ പ്രസംഗം

ഫിസിഷ്യൻ അസിസ്റ്റന്റ്സ് വാർഷിക സമ്മേളനം ഇന്ന്

കൊച്ചി: സൊസൈറ്റി ഓഫ് ഫിസിഷ്യൻ അസിസ്റ്റന്റ്സ് വാർഷിക സമ്മേളനം ഇന്ന് കൊച്ചി ലെമെറീഡിയനിൽ നടക്കും. ഉച്ചയ്ക്ക് 12 ന് ഹൈബി ഈഡൻ എംപി ഉദ്ഘാടനം നിർവഹിക്കും. പ്രസിഡന്റ് വി.ജി. പ്രസാദ് അധ്യക്ഷനാകും. ഡോ. ജോസ് ചാക്കോ പെരിയപുറം മുഖ്യപ്രഭാഷണം നടത്തും. സെമിനാറുകൾ, ആദരിക്കൽ എന്നിവയുണ്ടാകും.

മാക്കൂയുടെ ചലച്ചിത്ര അക്കാഡമി ഈ മാസം

കൊച്ചി: ചലച്ചിത്ര സാങ്കേതിക പ്രവർത്തകരുടെ സാംസ്കാരിക സംഘടനയായ മാക്കൂയുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന ചലച്ചിത്ര അക്കാഡമി ഈ മാസം അവസാനം പ്രവർത്തനമാരംഭിക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു. ബംഗളൂരു ഇന്നോവേറ്റീവ് ഫിലിം അക്കാഡമിയുടെ സഹകരണത്തോടെ കാക്കനാട് രാജഗിരി കോളജ് കാമ്പസിലാണ് അക്കാഡമി തുടങ്ങുന്നത്.

അക്കാഡമിയിൽ ആദ്യബാച്ചിന്റെ പ്രവേശനം നൂറു ശതമാനം സ്കോളർഷിപ്പോടെ സൗജന്യമായിരിക്കുമെന്ന് മാക്കൂ ചെയർമാൻ മെക്കാർട്ടിൻ പറഞ്ഞു. ഒരു വർഷം ദൈർഘ്യമുള്ള ഡിപ്ലോമ ഇൻ ഫിലിം മേക്കിംഗ് കോഴ്സിന് പുറമേ നാല് മാസം, ആറാഴ്ച എന്നിങ്ങനെയുള്ള കോഴ്സുകളും ഉണ്ട്. രണ്ടര ലക്ഷമാണ് ഡിപ്ലോമ കോഴ്സിന്റെ ഫീസ്. ഹ്രസ്വ കോഴ്സുകൾക്ക് 50,000 രൂപയും ഫീസാകും. ഫോൺ: 7306637870.

യുവധാര യൂത്ത് ലിറ്ററേച്ചർ ഫെസ്റ്റിവൽ ഒമ്പതു മുതൽ

കൊച്ചി: ഡിവൈഎഫ്ഐയുടെ മാസികയായ യുവധാര സംഘടിപ്പിക്കുന്ന യൂത്ത് ലിറ്ററേച്ചർ ഫെസ്റ്റിവലിന്റെ രണ്ടാം പതിപ്പ് ഒമ്പതു മുതൽ 12 വരെ ഫോർട്ട് കൊച്ചി വെളി മൈതാനത്തിൽ നടക്കുമെന്ന് സംഘാടകർ പത്രസമ്മേളനത്തിൽ പറഞ്ഞു. ഒൻപതിന് വൈകുന്നേരം നാലിന് എഴുത്തുകാരൻ ദാമോദർ മോസോ ഉദ്ഘാടനം ചെയ്യും.

വിപിഎസ് ലേക്ഷോറിൽ ഡയബറ്റിക് ഫൂട്ട് ലാബ് തുടങ്ങി

കൊച്ചി: വിപിഎസ് ലേക്ഷോറിൽ പ്രത്യേക ഡയബറ്റിക് ഫൂട്ട് ലാബ് ആരംഭിച്ചു. പ്രമേഹ പാദ രോഗികൾക്ക് വിദഗ്ധ പരിചരണം നൽകുന്നതിനും പാദം മുറിച്ച് മാറ്റേണ്ട അവസ്ഥ ഒഴിവാക്കാനും ലക്ഷ്യമിട്ട് വിപിഎസ് ലേക്ഷോറിൽ ഓർത്തോപീഡിക് വിഭാഗത്തിന് കീഴിലാണ് ഡയബറ്റിക് ഫൂട്ട് ലാബ് സ്ഥാപിതമായത്.

പ്രമേഹ രോഗികൾക്ക് രക്തക്കുഴലുകളുടെ പരിശോധന, ന്യൂറോപ്പതിക് പരിശോധന, കാലിലെ പ്രഷർ സ്കാൻ എന്നിവ നടത്തുന്നതിനുള്ള നൂതന സാങ്കേതികവിദ്യകളുടെ പിന്തുണയുള്ള അത്യാധുനിക സൗകര്യങ്ങൾ ലാബിലുണ്ട്.

വിപിഎസ് ലേക്ഷോർ മാനേജിംഗ് ഡയറക്ടർ എസ്.കെ. അബ്ദുള്ള ലാബ് ഉദ്ഘാടനം ചെയ്തു.

ചീഫ് മെഡിക്കൽ ഓഫീസർ ഡോ. ഷോൺ ടി. ജോസഫ്, സി ഒഒ ജയേഷ് വി. നായർ, ന്യൂറോ സർജൻ ഡോ. സുദീഷ് കരുണാകരൻ, ഫുട്ട് ആൻഡ് ആങ്കിൾ പോഡിയാട്രി വിഭാഗം മേധാവി ഡോ. രാജേഷ് സൈമൺ തുടങ്ങിയവർ പങ്കെടുത്തു.

മദ്യപാനത്തിന് സുരക്ഷിതമായ ആയുർവേദ ചികിത്സ ലഭ്യമാണ്.
Nava Care Ayurveda
Edappally
9447114567
K2412-550422

മുന്നാധാരം നഷ്ടപ്പെട്ടു
വാഴക്കുളം വില്ലേജിൽ റീസർവ്വെ നമ്പർ 359/1-ൽ 10.45 ആർ വസ്തു 8100/2006-ാം തീറാധാരപ്രകാരം എനിക്കും ഭാര്യക്കും ലഭിച്ചിട്ടുള്ളതാണ്. മേൽ നമ്പർ ഒറിജിനൽ ആധാരത്തിന്റെ മുന്നാധാരമായ 7895/2005-ാം നമ്പർ ആധാരം ഞങ്ങളുടെ കൈവശത്തിൽ നിന്നും തിരിച്ച് കിട്ടാനാവാത്ത വിധം നഷ്ടപ്പെട്ടു പോയി. മേൽ പറഞ്ഞ 7895/2005-ാം നമ്പർ ആധാരം ആർക്കെങ്കിലും ലഭിച്ചാൽ 7 ദിവസത്തിനകം ഞങ്ങളുടെ താഴെ പറയുന്ന വിലാസത്തിൽ അറിയിക്കാൻ താൽപര്യപ്പെടുന്നു.
എന്ന്, 1) ഫ്രാൻസിസ് 2) ഭാര്യ മീരാ ഭായ്, മാളിയേക്കൽ വീട്, തൃക്കാക്കര. ഫോൺ: 9567173209
E2501-551192

ഹോം നഴ്സിംഗ് ബേബി കെയർ പ്രസവ ശ